# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ. എസ്. എ. ടി.എസ് ആർ. (പി7)1467/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. ടി.എസ് ആർ. (പി7)1467/2023 തീയ്യതി: 20/10/2023

## തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-03-2023 മുതൽ 26-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജയകൃഷ്ണൻ.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ.നിർമ്മൽ. കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുമ.വി.കെ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ.സ്വാലിഹ്.സി.പി.,ഓഡിറ്റർ

ശ്രീമതി.സഫന.എൻ.എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന താജുദ്ദീൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സാജിത പി .വൈ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മംഗള കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീ.റാഫി.ഇ.ടി | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീ.നിനാദ് കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബെറ്റ്സി മെറീന ജോൺ | കൃഷി ഓഫീസർ | 01-04-2022 | 11-10-2022 |
| ശ്രീ.വിജീഷ്.പി.വി | കൃഷി ഓഫീസർ | 12-10-2022 | 31-03-2023 |
| ഡോ.എൻ.ബി. സെബി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ബൈജു. യു | പ്രധാന അദ്ധ്യാപകൻ | 01-04-2022 | 31-03-2023 |
| ശ്രീ.ടോണി ജോസഫ് എ എഫ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രൂപ ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 20-05-2022 |
| ശ്രീ.ജിജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-05-2022 | 31-03-2023 |
| ശ്രീ.സിനോജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബ്ലാങ്ങാട് സർക്കിൾ ഇൻചാർജ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫൗസിയ ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടപ്പുറം സർക്കിൾ ) | 01-04-2022 | 18-01-2023 |

| | | | |
|---|---|---|---|
| ശ്രീ.സിനോജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടപ്പുറം സർക്കിൾ ) (ചാർജ്) | 19-01-2023 | 29-03-2023 |
| ശ്രീമതി.ധന്യ.പി.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടപ്പുറം സർക്കിൾ ) | 30-03-2023 | 31-03-2023 |
| ഡോ.മർസൂക് എ. എം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.സ്വപ്ന വി.സി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 15-04-2022 |
| ഡോ.സുഹാന എ.ഐ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-04-2022 | 31-03-2023 |
| ഡോ.സഫ്ന കെ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 30-04-2022 |
| ഡോ.ജിയോ പി.എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്കി**ൽ** നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക രസീത് ന**ൽ**കി കണക്കിലെടുത്തില്ല. | 1-1-3 |
| 5 | ചെക്ക് നിക്ഷേപിച്ചു - ബാങ്കി**ൽ** ക്രെഡിറ്റ് ആയില്ല. | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീ**ർ**ഷകത്തി**ൽ** ചെലവ് ബുക്ക് ചെയ്തില്ല. | 1-1-5 |
| 7 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വസ്തു നികുതി കുടിശ്ശിക നോൺ-റെസിഡൻഷ്യൽ കുടിശ്ശിക നോൺ-റെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-10 |
| 12 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-14 |
| 16 | "190000000-Prior Period Income"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-15 |
| 17 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-17 |
| 19 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. | 1-1-18 |

| | | |
|---|---|---|
| 20 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികാരികമായി ചേർത്തിരിക്കുന്നു. | 1-1-19 |
| 21 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-21 |
| 23 | Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല. | 1-1-22 |
| 24 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-23 |
| 25 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-24 |
| 26 | ബഡ്ജറ്റ് | 1-2 |
| 27 | ഫണ്ട് വിനിയോഗം | 1-3 |
| 28 | പദ്ധതി അവലോകനം | 1-4 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 30 | ക്ഷേമ പദ്ധതികൾ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 പ്രകാരമുള്ളത്) | 1-6 |
| 31 | ക്യാഷ് പരിശോധന | 1-7 |
| 32 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 33 | തനത് വരുമാനം - അവലോകനം | 1-9 |
| 34 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 35 | റേഷൻ റീട്ടെയിൽ ഡിപ്പോ നടത്തുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 36 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. | 1-12 |
| 37 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-13 |
| 38 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-14 |
| 39 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 40 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-16 |
| 41 | അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-17 |
| 42 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക | 1-18 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-19 |
| 44 | പ്രോക്യൂർമെന്റ് മാർഗ്ഗ രേഖക്ക് വിരുദ്ധമായ വാങ്ങൽ-ചെലവ് തുക 27790 രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 45 | വെള്ളക്കരം കടിശ്ശിക 34930530/- രൂപ | 1-21 |

| | | |
|---|---|---|
| 46 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല | 1-22 |
| 47 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-23 |
| 48 | അഗതിരഹിത കേരളം പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 49 | ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 50 | ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 51 | സാഹിത്യ സൃഷ്ടികളുടെ പ്രസിദ്ധീകരണം-40000/-തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 52 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-28 |
| 53 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ:വിതരണം ചെയ്യാതെ വെച്ചിരിക്കുന്നു, 174000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 54 | ബാലസഭ:അധിക തുക നൽകിയത് തടസ്സപ്പെടുത്തുന്നു | 1-30 |
| 55 | ഞങ്ങളും കൃഷിയിലേക്ക് കിഴങ്ങ് വർഗ്ഗ കൃഷി വിസ്തൃതി വ്യാപനം-വനിതകൾക്ക്-600000/-തടസ്സപ്പെടുത്തുന്നു | 1-31 |
| 56 | ഞങ്ങളും കൃഷിയിലേക്ക്- പച്ചക്കറി കൃഷി -വനിതകൾക്ക്-തടസ്സപ്പെടുത്തുന്നു | 1-32 |
| 57 | ഇരട്ടപ്പുഴ ഗവ.എൽ.പി സ്കൂളിന് സ്ഥലം വാങ്ങൽ അപാകതകൾ | 1-33 |
| 58 | കരാറുകാരുടെ ഓൾ റിസ്ക് ഇൻഷ്വറൻസ് പോളിസികൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.. | 1-34 |
| 59 | ലേലം ചെയ്ത മണ്ണിന്റെ അളവിലുള്ള വ്യത്യാസം-തുക ഈടാക്കേണ്ടതാണ് | 1-35 |
| 60 | മരാമത്ത് പ്രവൃത്തികളുടെയും തൊഴിലുറപ്പിന്റെയും ക്വാറി മക്കിന്റെ ഫില്ലിംഗ് നിരക്കിൽ വ്യത്യാസം | 1-36 |
| 61 | തൊഴിലുറപ്പിന് അധിക നിരക്കിൽ സിമന്റ് വാങ്ങിയത് | 1-37 |
| 62 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-38 |
| 63 | സാന്ത്വനപരിചരണം പദ്ധതി -കേരള മെഡിക്കൽ സർവീസസിൽ നിന്ന് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായില്ല | 1-39 |
| 64 | അതിദാരിദ്ര്യ മൈക്രോപ്ലാൻ മരുന്ന് വാങ്ങൽ പദ്ധതി -അപാകതകൾ | 1-40 |
| 65 | ആർട്ട്കോ ലിമിറ്റഡിൽ നിന്നും ഫർണ്ണീച്ചർ പൂർണ്ണമായി ലഭ്യമായില്ല | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കടപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.07.2023 ലെ 2ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 06.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 20.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം, തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).
(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5229940 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 723296 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-3 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക രസീത് നൽകി കണക്കിലെടുത്തില്ല.

SBI,E Payment(37214533433) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം “Directly Credited By Bank” എന്ന ഇനത്തിൽ 479696/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക 30.3.2023 ഗുണഭോക്താക്കൾക്ക് അനുവദിച്ചതാണെന്നും അക്കൗണ്ട് കറക്ഷൻ മൂലം തിരികെ ലഭ്യമായതാണെന്നും ആയത് 31.3.2023 ന മുൻപ് അറിയാൻ സാധിക്കാതിരുന്നതിനാൽ ഏപ്രിൽ മാസത്തിൽ വരവ് വെച്ച് ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-1-4 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

SBI, E Payment (37214533433) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2500/- രൂപ “Cheques Deposited But Not Cleared” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 722/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

CFC Untied Basic Grant, CFC Tied Grant, തനത് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് / തുക ചെലവ് ചെയ്ത ഉദ്ദേശ്യം | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 69/23 കെട്ടുങ്ങൽ തോട് സൈഡ് പ്രൊട്ടക്ഷൻ വാർഡ് 8 | XVFC/2022-23/P/61 10.8.2022 | 884949 | 250102202 – Water Conservation-Water Conservation-Lake Maintenance | ഉചിതമായ ആസ്തി ശീർഷകം. |

| | | | | | |
|---|---|---|---|---|---|
| 2 | 66/23 മാലിക് ദിനാർ സ്ലൂയിസ് വാർഡ് 7 | XVFC/2022-23/P/79 25.1.2023 | 438963 | 250102304 – 4 Flood Mitigation-Maintenance Of Water Drainage Canal | ഉചിതമായ ആസ്തി ശീർഷകം |
| 3 | 64/23 എ കെ ഗോവിന്ദൻ റോഡ് മെറ്റലിങ് ടാറിങ് വാർഡ് 1 | XVFC/2022-23 /P/104 8.3.2023 | 126491 | 252110004 – Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |
| 4 | 22/23 സി എച് റോഡ് നിർമാണം അഞ്ചാം ഘട്ടം വാർഡ് 10 | XVFC/2022-23 /P/103 7.3.2023 | 300000 | 252110004 – Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |
| 5 | 197/2023 9 ആം നമ്പർ അങ്കണവാടിക്ക് ചുറ്റമതിൽ. | XVFC/2022-23 /P/109 18.3.2023 | 164832 | 251170004-Infrastructure Facilities For Anganwadi-Maintenance Of Sidewal | ഉചിതമായ ആസ്തി ശീർഷകം |
| 6 | 14/23 പഞ്ചായത്ത് കെട്ടിട നവീകരണം | XVFC/2022-23/P/86 16.2.2023 | 662214 | 252120001- Local Self Government Institution Officer BuildingRenovation Of Building | ഉചിതമായ ആസ്തി ശീർഷകം |
| 7 | 63/23 പൊതു കിണറുകളുടെ നവീകരണം | XVFC/2022-23/P/70 25.10.2022 | 156612 | 251120102 – Public Drinking Water Programmes-Maintenance Of Public Well | ഉചിതമായ ആസ്തി ശീർഷകം |
| 8 | 2/23 അങ്കണവാടിക്ക് സമീപം കിണർ പുനരുദ്ധാരണം | XVFC/2022-23 /P/132 30.3.2023 | 28886 | 251120102 – Public Drinking Water Programmes-Maintenance Of Public Well | ഉചിതമായ ആസ്തി ശീർഷകം |
| 9 | ഇരട്ടപ്പുഴ ഗവൺമെൻറ് എൽ പി സ്കൂളിന് സ്ഥലം വാങ്ങൽ | 22201186 31.3.2023 | 1027920 | 220800199- Other Administrative Expenses | ഉചിതമായ ആസ്തി ശീർഷകം |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ “Prior Period

Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023 , 21/ 3.8.2023 )

## 1-1-6 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1819682 | 9114 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1817120 | 9116 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *( 9571/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

## 1-1-7 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 750865 | 235235 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 749293 | 235240 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *(247001/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-8 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 23442 | 23292 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 23321<br>*(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | 23295<br>**(24459X100/105) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-9 വസ്തു നികുതി കുടിശ്ശിക നോൺ-റെസിഡൻഷ്യൽ കുടിശ്ശിക നോൺ-റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 783921 | 745722 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 783954<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | 745750<br>(783037X100/105) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-10 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.

1. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 133214 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 133201 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 133308 രൂപയാണ്. (വൗച്ചർ 42100016 തീ 31.3.2022 (93419+14+37960+1915=133308))

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)1064068/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 50670/- (1064068/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 50705/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-11 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 206954 | 217917 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2160 | 8848 |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-13 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിൽ 138 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

## 1-1-14 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

## 1-1-15 “190000000-Prior Period Income”-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം “190000000-Prior Period Income” എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ,I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | 125 |

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

## 1-1-16 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
6. വാടക ഡിമാൻഡ് രജിസ്റ്റർ
7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ
8. ലൈബ്രറി രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-17 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യൂമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-18 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു.ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു.ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.കൂടാതെ സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ഒന്നിലേറെ ബാധ്യതകൾ യോജിപ്പിച്ച് ഒറ്റ ബാധ്യതയാക്കി മാറ്റിയിട്ടുണ്ട്. ഉദാ: 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ 340109901,350800299 എന്നീ ശീർഷകങ്ങളിലെ നീക്കിയിരുപ്പ് ILGMS 2022-23 സാമ്പത്തിക വർഷത്തിൽ സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ 340109901 എന്ന ഒറ്റ ശീർഷകത്തിൽ മുന്നിരിപ്പായി നൽകി. ഇപ്രകാരം യോജിപ്പിച്ചതിനു ആധികാരികമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-19 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികാരികമായി ചേർത്തിരിക്കുന്നു.

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 149600 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation 487869 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

1-1-20 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |

| | | | | | | |
|---|---|---|---|---|---|---|
| 1 | 320900102 | Donations Related To Pandemic/Epidemic Control | 2563 | 450210101 | SOUTH INDIAN BANK- COVID DISTRESS RELIEF-(0332053000004236) | 2607 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ബാങ്കിൽ ലഭിച്ച പലിശ തെറ്റായ ഹെഡിൽ വരവ് വെച്ചത് കൊണ്ടാണ് വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടിൽ അധിക വന്ന തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ ബാധ്യത ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

### 1-1-21 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | SBI-10564890665-OAP | 57250 |
| 2 | 450210101 | SBI-10564890676-Saksharata | 52860 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അക്കൗണ്ടുകൾ നിർജീവ അക്കൗണ്ടുകളാണെന്നും അക്കൗണ്ട് വിവരങ്ങൾ സർക്കാരിലേക്ക് കൈമാറിയിട്ടുള്ളതിനാലാണ് തുടർനടപടി സ്വീകരിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

### 1-1-22 Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല.

CFC Grant Untied Basic Grant ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ XVFC/2022-23/P/104 തീ:08/03/2023 പ്രകാരം 153551 രൂപ പ്രോജക്ട് നമ്പർ 17/23 ഇറക്കിൽ ഭഗവതി ക്ഷേത്രം റോഡ് നിർമാണം വാർഡ് 3 എന്ന പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. 415110001:Roads എന്ന ശീർഷകത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ മേൽ പരാമർശിച്ച തുക കൂട്ടാതെയുള്ള തുകയാണ് 312100204- Capital Contribution--Development Fund - Central Finance CommissionGrant - Basic Tax Grant എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടുള്ളത്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. 2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution...." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്
(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

### 1-1-23 വാർഷിക കണക്കുകളിലെ അസാധാരാണ നീക്കിയിരിപ്പ്

വാർഷിക കണക്ക് B-17 പ്രകാരം 450210104-Sub Treasury,Chavakkad(LGTSB)-799013000000831 എന്ന അക്കൗണ്ടിലെ 31.3.2023 ലെ നീക്കിയിരുപ്പ് -239871 രൂപയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023) ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ബിൽ പേയ്മെന്റ് നടത്തിയതിനാലാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നതെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-24 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 123991452 |
| ആകെ ചെലവ് (B) | | 142890799 |
| മിച്ചം തുക C= A-B | | -18899347 |
| Prior Period Income | 42225 | |
| Prior Period Expenditure | 41920 | |
| Net Difference Between Prior Period Income And Expenses ( D ) | | 305 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -18899042 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -18899347 ൽ നിന്നും 305 കുറച്ചപ്പോൾ ലഭിച്ച -18899652 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ -18899042 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -27654965.35 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -18899042 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -46554007.35 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 42225 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)
(ഓഡിറ്റ് എൻക്വയറി നമ്പർ 1/31.7.2023)

### 1-2 ബഡ്ജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022, തീരുമാനം നം.1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 216436000 | 213663000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21.03.2023 തീരുമാനം നം. 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 207133650 | 204474500 |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 29564855 | 29564855 | 27342299 | 2222556 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2558558 | 2558558 | 2358558 | 200000 |
| മെയിന്റനൻസ്, റോഡ് | 0 | 10019000 | 10019000 | 9207473 | 811527 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5501000 | 5501000 | 4659500 | 841500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) | 0 | 4723132 | 4723132 | 4596926 | 126206 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 9218297 | 9218297 | 3279014 | 5939283 |
| HEALTH GRANT (DIAGNOSTIC) | 0 | 258755 | 258755 | 214626 | 44129 |
| HEALTH GRANT (WELLNESS) | 0 | 151075 | 151075 | 131977 | 19098 |
| ICDS | 21870 | 1498502 | 1520372 | 1200600 | 319772 |
| SUCHITWA MISSION | 2921945 | 276000 | 3197945 | 1152749 | 2045196 |
| (RGSEAG)-Sabla | 10650 | 0 | 10650 | 0 | 10650 |
| Other Government Agencies | 150265 | 1800000 | 1950265 | 600000 | 1350265 |

കുറിപ്പ് –

1) സ്ഥാപനത്തിൽ നിന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. അതിനാൽ എ.സി.ആർ. പ്രകാരമാണ് സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം ചേർത്തിരിക്കുന്നത്.

2 ) ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| | അംഗീകാരം ലഭിച്ചത് | അംഗീകരിച്ച പദ്ധതി | നടപ്പാക്കിയത് | നടപ്പാക്കിയ പദ്ധതി | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയപ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | അടങ്കൽ തുക | (എണ്ണം) | ചെലവ് തുക | | |
|---|---|---|---|---|---|
| 189 | 114168925 | 153 | 71069608 | 62.2 | 80.95 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 32 | 419989 | 420021 | 419628 | 393 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10422416 | 10422416 | 10422416 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 1976406 | 1976406 | 1976406 | 0 |
| ആകെ | 32 | 12818811 | 12818843 | 12818450 | 393 |

## 1-6 ക്ഷേമ പദ്ധതികൾ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 പ്രകാരമുള്ളത്)

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 98 | 1154400 |
| വിധവാപെൻഷൻ | 1350 | 14946800 |
| വാർദ്ധക്യകാലപെൻഷൻ | 1759 | 18812800 |
| വികലാംഗപെൻഷൻ | 355 | 3988100 |
| അവിവാഹിത പെൻഷൻ | 56 | 606800 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 10 | 300000 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2023 തീയതിയിൽ 4.20 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 678/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തനത് വരുമാനം - അവലോകനം

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തൻവർഷം നടത്തിയിട്ടില്ല. പഞ്ചായത്തിൽ കുടിശ്ശിക നിവാരണത്തിനായുള്ള ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടില്ല. ബജറ്റിൽ നികുതിയിനത്തിലുള്ള തുകകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും പിരിച്ചെടുക്കനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല. 01.04.23ലെ വസ്തു നികുതി പരിഷ്കരണനിരക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ ഭരണസമിതി അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടില്ല. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് പിരിവ് പുരോഗതിക്കായി പ്രത്യേക അവലോകനയോഗങ്ങൾ ചേരുന്നില്ല.

2. വസ്തു നികുതി:-

ബജറ്റിലെ പ്രതീക്ഷിത വരവ് 3500000 രൂപയും ഐ.എൽ.ജി.എം.എസിലെ ഈ ഇനത്തിലെ വരവ് 2566413 രൂപയും സഞ്ചയയിലെ കണക്ക് പ്രകാരം 2570547 രൂപയുമാണ്. സഞ്ചയ-ഐ.എൽ.ജി.എം.എസ് കണക്കുകൾ പൊരുത്തപ്പെടാത്തതിന്റെ വിവരങ്ങൾ വാർഷിക കണക്കിന്റെ അപാകതകളിൽ ചേർത്തിട്ടുണ്ട്.

01.04.23ലെ വസ്തു നികുതി കരട് വിജ്ഞാപനം മാത്രമാണ് ആയിട്ടുള്ളത്. അന്തിമ വിജ്ഞാപനം വരാത്തതിനാൽ സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ല. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. പഴയ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 7ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. വഴി സൗകര്യത്തിന്റെ വിഷയം കൂടി പരിഗണിച്ചാണ് നികുതി വർധനവ്/ഇളവ് അനുവദിച്ചിട്ടുള്ളത്. സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തീ.20.06.2022 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തി വരുന്നുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവ് നൽകിയിട്ടുള്ളത്.

ഡോ.മുഹമ്മദ് അസീസിന്റെ പേരിലുള്ള ആയുർവേദസുഖചികിത്സാകേന്ദ്രത്തിന്റെ കെട്ടിടനികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. ഇതിനെതിരേ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ പരാമർശിത കെട്ടിടങ്ങളിൽ നിന്നുള്ള നികുതി പിരിവ് പൂർണ്ണമല്ല. ക്രമവത്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്. റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്, എ.എൻ.പി ആർക്കേഡ് എന്നവരിൽ നിന്നും കുടിശ്ശിക നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു.

3. സേവന ഉപനികുതി

സേവന ഉപനികുതി ഈടാക്കുന്നില്ല. ഇപ്രകാരം വരുമാന വർധനവിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

4. തൊഴിൽ നികുതി

ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് വിതരണം, തുടർനടപടികൾ എന്നിവ സ്വീകരിച്ചു വരുന്നുണ്ട്. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകതകൾ ഈ റിപ്പോർട്ടിൽ ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. സിവിൽ സപ്ളൈസ് ഡയറക്ടറുടെ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. തൊഴിലുടമ ലഭ്യമാക്കിയ വിവരങ്ങളുടെ കൃത്യത പരിശോധിച്ചു വരുന്നുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചു വരുന്നത്. പൂർണ്ണമല്ലാത്തവ/അപാകങ്ങളുള്ളവ നിരസിക്കുന്നുണ്ട്. ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും തൊഴിൽ നികുതി(ഇൻസ്റ്റിറ്റ്യൂഷൻസ്/ട്രേഡേഴ്സ്) ഡിമാന്റ് -കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

5. വിനോദനികുതി

വിനോദനികുതിക്ക് വിധേയമായ ഇനങ്ങളൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഒരു ടർഫ് പ്രവർത്തിച്ച് വരുന്നുണ്ടെങ്കിലും വരുമാന വർധനവിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് സർക്കാരിലേക്ക്ശുപാർശ ചെയ്തിട്ടില്ല.

6. നികുതിയേതര വരവുകൾ-

1. വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭ പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ലൈസൻസ്

തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയ(വസ്തു നികുതി) സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉടങ്ങിയവ പൊരുത്തപ്പെടുത്തിയിട്ടുണ്ട്. വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ഭേദഗതി ചട്ടങ്ങളിലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

2. ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം

കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവയുടെ ലേലം നടത്തിയിട്ടുണ്ട്. മരാമത്തിൽ നിന്ന് ലഭിച്ച ഉപയോഗശൂന്യമായ പൈപ്പുകൾ, മണ്ണ്,പാഴ് വസ്തുക്കൾ എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ എന്നീ ഇനങ്ങളിൽ വരുമാനമില്ല. നിഷ്ക്രിയ ആസ്തികളിൽ നിന്നും വാടക പോലുള്ള വരുമാനങ്ങൾ നേടിയെടുക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

7.മറ്റിനങ്ങൾ-

കോസ്റ്റൽ റഗുലേഷൻ സോണിൽ പെടുന്ന മേഖലകൾ ഉൾപ്പെടുന്ന തീരപ്രദേശമായതിനാലും മത്സ്യബന്ധനമേഖലയായതിനാലും പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.07/01.08.2023).

1. സുനിൽകുമാർ
2. അബ്ദുൾ മനാഫ്
3. സ്വരുൺദാസ്
4. ഡാനിഷ് കെ.എ.
5. മുഹമ്മദ് അലി

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-11 റേഷൻ റീട്ടെയിൽ ഡിപ്പോ നടത്തുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന റേഷൻ കട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | റേഷൻ കട | റേഷൻ കടയുടമയുടെ പേര് |
|---|---|---|
| 1 | എആർഡി നം. 1844042 | ബിന്ദു കെ ടി, കിഴക്കകത്ത് |
| 2 | എആർഡി നം. 1844041, 1844049 | രാജീവ് സി വി, ചേമ്പിൽ |
| 3 | എആർഡി നം. 1844218 | താഹിറ ഹാഷിം ചാലിൽ |
| 4 | എആർഡി നം. 1844048 | ശ്രീനിവാസൻ പി വി പൂട്ടാലക്കൽ |
| 5 | എആർഡി നം. 1844044, 1844050 | വീരമണി കിഴക്കകത്ത് |
| 6 | എആർഡി നം. 1844043 | ആനന്ദൻ പിജി പട്ടരുപുരക്കൽ |

റേഷൻ കടകളുടെ തൊഴിൽ നികുതി സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 07/01.08.2023) "റേഷൻ കടയുടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനെതിരെ Wp(c)No:14109 നമ്പറിലായി ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്." എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശാലിനി (CDS ACCOUNTANT) | കുടുംബശ്രീ ഓഫീസ്, കടപ്പുറം | ഒന്നാം അർദ്ധവർഷം | 100500 | 1000 | 750 | 250 |
| 2 | പ്രീതി (റിസപ്ഷനിസ്റ്റ്) | സൈനൽ വിഷ്വൽ മീഡിയ | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |
| 3 | ജിതിൻ | അൽഫിദാ പ്രീ സ്കൂൾ, ബ്ലാങ്ങാട് | ഒന്നാം അർദ്ധവർഷം | 45000 | 450 | 300 | 150 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.07/01.08.2023), മേല്പറഞ്ഞ വ്യക്തികൾ കുറവുണ്ടായിരുന്ന തുക 01.08.2023 ന അടവാക്കിയതായി ബന്ധപ്പെട്ട രസീതുകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കിട്ടേണ്ട വരുമാനം സമയബന്ധിതമായി ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും നാളിതു വരെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.07/01.08.223).
ഡബ്ല്യൂ.പി.സി 16670/06 നം കേസിന്റെ 07.09.2016 തിയതിയിലെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-14 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 3 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Ward No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | (1) Theeradesam | 340 | 0 | 340 | 0 | 340 | 0 | 340 | 0 |
| 2 | (2) Erattappuzha | 536 | 0 | 536 | 0 | 536 | 0 | 536 | 0 |
| 3 | (3) | 425 | 0 | 425 | 0 | 425 | 0 | 425 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | Blangad | | | | | | | | |
| 4 | (4) Poonthiruthy | 498 | 0 | 498 | 0 | 498 | 0 | 498 | 0 |
| 5 | (5) Madu | 399 | 0 | 399 | 0 | 399 | 0 | 399 | 0 |
| 6 | (6) Vattekkad | 448 | 0 | 448 | 0 | 448 | 0 | 448 | 0 |
| 7 | (7) Adithiruthy | 507 | 0 | 507 | 0 | 507 | 0 | 507 | 0 |
| 8 | (8) Karukamadu | 507 | 0 | 507 | 0 | 507 | 0 | 507 | 0 |
| 9 | (9) Azhimukham | 406 | 0 | 406 | 0 | 406 | 0 | 406 | 0 |
| 10 | (10) Puthiyangadi | 434 | 0 | 434 | 0 | 434 | 0 | 434 | 0 |
| 11 | (11) Anchangadi | 576 | 0 | 576 | 0 | 576 | 0 | 576 | 0 |
| 12 | (12) Kacheri | 502 | 0 | 502 | 0 | 502 | 0 | 502 | 0 |
| 13 | (13) Asupathri | 386 | 1 | 385 | 0 | 385 | 0 | 385 | 1 |
| 14 | (14) Thottappu | 355 | 0 | 355 | 0 | 355 | 0 | 355 | 0 |
| 15 | (15) Focus | 602 | 1 | 601 | 0 | 601 | 0 | 601 | 1 |
| 16 | (16) Light House | 419 | 1 | 418 | 0 | 418 | 0 | 418 | 1 |
| | Total | 7340 | 3 | 7337 | 0 | 7337 | 0 | 7337 | 3 |

ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.18/02.08.2023)

## 1-15 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധന നടത്തിയതിൽ വാർഡ് നം.XII/കെട്ടിട നം.367-A ആയിട്ടുള്ള റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് എ &പി ആർകേഡ് (45.58 $M^2$) കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2011 ഒന്നാം അർദ്ധവർഷം മുതൽ നാളിതു വരെ കുടിശ്ശിക വന്നിട്ടുള്ള ആകെ തുക 265107/-രൂപയാണ്. കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/02.08.2023) മേൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നല്കിയിട്ടുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി യഥാസമയം ഈടാക്കാതിരുന്നാൽ സെക്രട്ടറിയുടെ ബാദ്ധ്യതയായി വീക്ഷിക്കുന്നതായിരിക്കും.

## 1-16 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള

മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 10/02.08.2023).

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല .

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/28 | അബ്ദുൾ മജീദ് കറുത്ത, ബ്ലാങ്ങാട് | ഇരട്ടപ്പുഴ ബീച്ച് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 1/28(A) | അബ്ദുൾ മജീദ് കറുത്ത, ബ്ലാങ്ങാട് | ഇരട്ടപ്പുഴ ബീച്ച് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 2 | 1/88 | അസ്മാബി താഴത്ത് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 1/89 | പാത്തുമ്മു താഴത്ത് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| 3 | 1/116(C) | ബാലകൃഷ്ണൺൻ & മേരിബാലകൃഷ്ണൺൻകൊളവങ്കോട്ട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 1/116(D) | സജീഷ് & സനോജ് പൂവത്താൻകണ്ടിൽ വീട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| 4 | 1/196 | സത്യൻ (പള്ളിപ്പുറത്ത് | അഞ്ച് മീറ്ററിൽ താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കുടുതൽ | ദ്വിതീയം |
| | 1/196(A) | തങ്കമണി (പള്ളിപ്പുറത്ത് | അഞ്ച് മീറ്ററിൽ താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കുടുതൽ | പ്രഥമം |
| 5 | 1/210 | ബാലൻ വടക്കാട്ട് | വട്ടേക്കാട്ട് റോഡ് | 1.5 മീറ്ററിൽ കുടുതൽ | ദ്വിതീയം |
| | 1/211 | പ്രസിഡൻറ്/സെക്രട്ടറി, വട്ടേക്കാട്ട് ശ്രീ ധർമ്മ ദൈവ ക്ഷേത്രം, | വട്ടേക്കാട്ട് റോഡ് | 1.5 മീറ്ററിൽ കുടുതൽ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| 6 | 1/228(A) | ദാസൻ<br>കോവിൽ തെക്കെവളപ്പിൽ | അഞ്ച് മീറ്ററിൽ താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 1/228 | ജോഷി<br>നായരുശ്ശേരി | അഞ്ച് മീറ്ററിൽ താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 7 | 2/4 | സെക്രട്ടറി<br>ഇഹയാമുദ്ധീൻ ഇസ്ലാം മദ്രസ്സ കമ്മിറ്റി | പള്ളിത്താഴം പരീദ്സാഹിബ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 2/5 | സെക്രട്ടറി<br>ഇഹയാമുദ്ധീൻ ഇസ്ലാം മദ്രസ്സ കമ്മിറ്റി | പള്ളിത്താഴം പരീദ്സാഹിബ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 8 | 2/88(C) | അബ്ദുൾ വഹാബ്<br>കറുത്ത വീട്, ബ്ലാങ്ങാട് | സാഹിബ് കൃഷ്ണൻകുട്ടി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 2/88(D) | അബ്ദുൾ വഹാബ്<br>കറുത്ത വീട്, ബ്ലാങ്ങാട് | സാഹിബ് കൃഷ്ണൻകുട്ടി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 9 | 2/103 | കുഞ്ഞടിമു<br>വെളുത്ത, ബ്ലാങ്ങാട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 2/103(A) | ഖദീജ,<br>D/oഹസ്സൻ<br>തുപ്പപാറയ്ക്കൽ, ഇരട്ടപ്പുഴ | നടപ്പാത | 11.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| 10 | 2/218 | ബാലൻ<br>വട്ടേക്കാട്ട്, ബ്ലാങ്ങാട് | അഞ്ച് മീറ്ററില് താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 2/219 | ദയാനന്ദൻ & സുജാത<br>ആറുകെട്ടി ഹൗസ്, ബ്ലാങ്ങാട് | അഞ്ച് മീറ്ററില് താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 11 | 2/232 | നാരായണൻ<br>പട്ടരുപുരയ്ക്കൽ, ബ്ലാങ്ങാട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 2/233 | ശങ്കരൻകുട്ടി<br>വലിയകത്ത് ഹൗസ്, ഇരട്ടപ്പുഴ | നടപ്പാത | 1.5 മീറ്ററോ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| | | | | അതിൽ കുറവ് | |
| 12 | 2/254 | മണികണ്ഠൻ S/oവേലായുധൻ ആച്ചി വീട്, ഇരട്ടപ്പുഴ | അഞ്ച് മീറ്ററില് താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 2/255 | ഗോകുൽ ദാസ് കരിമ്പച്ചൻ, ബ്ലാങ്ങാട് | അഞ്ച് മീറ്ററില് താഴെ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 13 | 2/319 | മുഹമ്മദുണ്ണി പാറാട്ടുവീട്ടിൽ, ബ്ലാങ്ങാട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| | 2/320 | വേലായി തെക്കുംതല, ബ്ലാങ്ങാട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| 14 | 2/396 | മുരളീധരൻ ആച്ചി, ബ്ലാങ്ങാട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 2/397 | കെ.കെ.സുബ്രഹ്മണ്യൻകുട്ടത്തി ഹൗസ്, ബ്ലാങ്ങാട് | നടപ്പാത | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 18/02.08.2023), ഇത് സഞ്ചയ സോഫ്റ്റ്‌വെയർ നിലവിൽ വന്ന സമയത്ത് ഡാറ്റ എൻട്രി നടത്തിയപ്പോൾ സംഭവിച്ച അപാകതയാണെന്നും സഞ്ചയ പ്യൂരിഫിക്കേഷൻ സൗകര്യം ലഭ്യമാകുന്ന മുറക്ക് അപാകങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 40 രൂപയും 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. പഞ്ചായത്തിലെ 11, 12 വാർഡുകളിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച.മീറ്ററിലും കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 60/- രൂപക്ക് പകരം 40/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമസ്ഥൻ | ആകെ വിസ്തീർണം (ച.മീറ്റർ) |
|---|---|---|---|
| 1 | 11/343 B-K | അബ്ദുൾ ഗഫൂർ | 310.81 |

| | | | |
|---|---|---|---|
| | | S/o സൈയ്ത്മുഹമ്മദ് മാസ്റ്റർപുതിയവീട്ടിൽ | |
| 2 | 11/377 B-O, E1, Q-W | അബ്ദുൾ റഹ്മാൻ പോക്കക്കില്ലത്, അഞ്ചങ്ങാടി, | 802.83 |
| 3 | 11/384 B-G | സെക്രട്ടറി മുഹിയുദ്ധീൻ ജുമമസ്ദിദ് പള്ളി അഞ്ചങ്ങാടി | 190.65 |
| 4 | 12/278 H-P | ഹരിഹരൻ & ടിയാൻ ഭാര്യ പ്രസന്ന വല്ലൂരകയിൽ ഹൗസ്, ഗുരുവായൂർ | 228.27 |
| 5 | 12/331 A-M | ഷിഹാബ് പുതിയേടത്ത് ഹൗസ്, മുനയ്ക്കകടവ്, | 346.46 |

കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/02.08.2023) ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-18 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 1/275/UA | മുഹമ്മദ് അസീസ്.P.B | 2019 – 1$^{st}$Half മുതൽ 2023 - 2$^{nd}$ Half വരെ | 233144 |
| 1/275/UA/1 | മുഹമ്മദ് അസീസ്.P.B | 2019 – 1$^{st}$Half മുതൽ 2023 - 2$^{nd}$ Half വരെ | 41173 |
| 1/275/UA/2 | മുഹമ്മദ് അസീസ്.P.B | 2019 – 1$^{st}$Half മുതൽ 2023 - 2$^{nd}$ Half വരെ | 60227 |
| 1/275/UA/3 | മുഹമ്മദ് അസീസ്.P.B | 2019 – 1$^{st}$Half മുതൽ 2023 - 2$^{nd}$ Half വരെ | 69993 |
| 1/275/UA/4 | മുഹമ്മദ് അസീസ്.P.B | 2019 – 1$^{st}$Half മുതൽ 2023 - 2$^{nd}$ Half വരെ | 69993 |
| 1/275/UA/5 | മുഹമ്മദ് അസീസ്.P.B | 2019 – 1$^{st}$Half മുതൽ 2023 - 2$^{nd}$ Half വരെ | 69993 |

നാളിതു വരെ കുടിശ്ശിക വന്നിട്ടുള്ള തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/03.08.2023), കുടിശ്ശിക ഈടാക്കുന്നതിനായി ബഹു.

ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും നിലവിൽ LSG ട്രിബ്യൂണൽ കേസ് നടന്നു വരുന്നതുമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കേസിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

കടപ്പുറം ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 43/2022 തീ: 22.4.2022 മുതൽ 80/22 തീ: 24.6.2022 വരെയുള്ള സർട്ടിഫിക്കറ്റുകൾ) വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി വ്യക്തമായി.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ഫാത്തിമ | 107120601423 | വിധവ പെൻഷൻ | 1.4.2022 | 53/2022 27.4.2022 | സസ്പെൻഡ് | 5/22 – 9/22 | 1600 | 8000 | 8000 |
| 2 | കദീജ | 107120600756 | വിധവ പെൻഷൻ | 3.4.2022 | 55/2022 5.5.2022 | സസ്പെൻഡ് | 5/22 – 9/22 | 1600 | 8000 | 8000 |
| 3 | കാദർ | 107120200651 | വാർദ്ധക്യ കാല പെൻഷൻ | 15.5.2022 | 64/2022 | സസ്പെൻഡ് | 6/22 – 9/22 | 1600 | 6400 | 6400 |
| 4 | ആമിന | 107120600028 | വിധവ പെൻഷൻ | 31.10.2021 | 68/2022 8.6.2022 | സസ്പെൻഡ് | 11/21 – 9/22 | 1600 | 17600 | 17600 |
| 5 | കദീജ | 107120200822 | വാർദ്ധക്യ കാല പെൻഷൻ | 19.5.2022 | 72/2022 16.6.2022 | സസ്പെൻഡ് | 6/22 – 9/22 | 1600 | 6400 | 6400 |
| 6 | മുഹമ്മദുണ്ണി | 107120201135 | വാർദ്ധക്യ കാല പെൻഷൻ | 30.5.2022 | 77/2022 17.6.2022 | സസ്പെൻഡ് | 6/22 – 9/22 | 1600 | 6400 | 6400 |
| 7 | പങ്കജാക്ഷി | 107120100053 | കർഷക തൊഴിലാളി പെൻഷൻ | 15.4.2022 | 78/2022 21.6.2022 | സസ്പെൻഡ് | 5/22 | 1600 | 1600 | 1600 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 54400 |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 43/2022 തീ: 22.4.2022 മുതൽ 80/22 തീ: 24.6.2022 വരെയുള്ള സർട്ടിഫിക്കറ്റുകൾ) വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ കടപ്പുറം പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി കാണപ്പെട്ടു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|

| | | | | | | | | കാലയളവ് | തുക | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | വള്ളിയമ്മ | 107630600692 | വിധവ പെൻഷൻ | 10.3.2022 | 51/2022 26.4.2022 | സസ്പെൻഡ് | മണലൂർ ഗ്രാമ പഞ്ചായത്ത് | 4/22 – 2/23 | 1600 | 17600 | 17600 |
| 2 | അയ്യപ്പൻ | 2220263822 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 21.5.2022 | 67/2022 31.5.2022 | ആക്റ്റീവ് | Agriculture Office, Kadappuram | 6/22 – 4/23 | 1600 | 17600 | 17600 |
| | ആകെ അധികം നൽകിയ തുക | | | | | | | | | | 35200 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കടപ്പുറം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 17/ 02-08-2023) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് എന്നിവക്ക് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

കടപ്പുറം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. കടപ്പുറം ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ മേൽ പരാമർശിച്ച 54400/- രൂപ തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം 2022-23 വർഷം മരണപ്പെട്ടവരിൽ കടപ്പുറം ഗ്രാമപഞ്ചായത്തിൽ അനർഹമായി പെൻഷൻ വാങ്ങുന്നവരുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് വാങ്ങുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള മുഴുവൻ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 പ്രോക്യൂർമെന്റ് മാർഗ്ഗ രേഖക്ക് വിരുദ്ധമായ വാങ്ങൽ-ചെലവ് തുക 27790 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം.194 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് &വെൽനസ്സ് പ്രവർത്തനങ്ങൾ

അടങ്കൽ തുക : 148981/- ചെലവ്:131977/-
ജേണൽ വൗച്ചർ നം.422007628, തീ.23.02.2023

ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പിലാക്കിയ മെഡിക്കൽഓഫീസർ, സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായ ഈ പദ്ധതി പ്രകാരം South India Industries, Calicut എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടുള്ള വാങ്ങൽ മുഖേന 27790 രൂപക്ക് ഇൻവോയ്സ് നം.B165, തീ. 25.01.2023 പ്രകാരം Digital Baby Electronic Weighing Scale നാലെണ്ണം വാങ്ങിയിട്ടുണ്ട്.സ.ഉ(പി)259/2010/ത.സ്വ.ഭ.വ തീ.08/11/2010 പ്രോക്യൂർമെന്റ് മാർഗ്ഗ രേഖ 3എ പ്രകാരം 25000 മുതൽ 100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയത് പാലിച്ചിട്ടില്ല. മാത്രമല്ല ഉപകേന്ദ്രങ്ങളിലേക്ക് ആയവ വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 27790 രൂപ തടസ്സത്തിൽ വെക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം. 14 തീയതി 02/08/2023)

## 1-21 വെള്ളക്കരം കുടിശ്ശിക 34930530/- രൂപ

കേരള വാട്ടർ അതോറിറ്റിയുടെ 09.03.2023 ലെ ഡിമാന്റ് നോട്ടീസ് നം.72292 പ്രകാരം 28.02.2023 വരെ 34930530/- രൂപ കുടിശ്ശികയുണ്ട്. ഈ കുടിശ്ശികയിൽ 685171/-രൂപ ഫൈൻ ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ, പൊതുടാപ്പുകളുടെ വിവരങ്ങളുടെ രജിസ്റ്റർ എന്നിവ ലഭ്യമാക്കുന്നതിനും

വലിയൊരു തുക ഈ ഇനത്തിൽ കുടിശ്ശിക വരുവാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തി രജിസ്റ്ററുകൾ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം .02 / 31.07.2023

## 1-22 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ(ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷത്തിൽ പദ്ധതി ആസൂത്രണം മോണിറ്ററിംഗ് ,93/23 എന്ന പദ്ധതിയിൽ പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയതി | ബിൽ തുക | പത്ര സ്ഥാപനം | പത്ര സ്ഥാപനത്തിന് നൽകിയ തുക (₹) |
|---|---|---|---|---|
| 1 | 42201160/29.03.2023 | 5373 | ചന്ദ്രിക | 5373 |
| 2 | 42201103/21.03.2023 | 37826 | ചന്ദ്രിക | 10752 |
| 3 | 42201178/31.01.2023 | 15354 | ചന്ദ്രിക | 8064 |
| 4 | 42201081/27.12.2022 | 192560 | ചന്ദ്രിക | 23520 |
| 5 | 42201185/13.09.2022 | 9408 | ചന്ദ്രിക | 9408 |
| ആകെ | | | | 57117/- |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചുകിട്ടുന്നതിന് നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം . 03 / 31.07.2023

1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഭാഗമായി വിവിധ സ്ഥാപനങ്ങൾക്ക് തുക മുൻകൂറായി കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം . 04 /31.07.2023)

| ക്രമ നം. | പ്രൊജക്റ്റ് നം./പേര് | വൗച്ചർ.നം. | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം നൽകൽ,28/23 | 42201188/29.08.2022 | 101970/- | ഐ.കെ.എം |
| 2 | സമേതം വിഹിതം നൽകൽ,172/23 | 42201158/29.03.2023 | 50000/- | ജില്ലാ പഞ്ചായത്ത് |
| 3 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,199/23 | 42201215/31.03.23 | 82132/- | കെ.എസ്.ഇ.ബി |

മുകളിൽ പറഞ്ഞ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-24 അഗതിരഹിത കേരളം പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ അഗതിരഹിത കേരളം പദ്ധതിയിൽ (നം.31/23) 100000/-രൂപ കുടുംബശ്രീക്ക് കൈപ്പറ്റിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയിൽ നിന്നും രജിസ്റ്റർ വാങ്ങി പരിശോധിച്ചതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. 400000 രൂപയാണ് ഇവർക്ക് ഭവന നിർമ്മാണത്തിന് അർഹമായിട്ടുള്ളത്. മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം . 05 /31.07.2023)

| Sl.no. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഫാത്തിമ പണ്ടാരി | 200000 |
| 2 | സുബൈദ | 320000 |

1-25 ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.ബ്ലാങ്ങാട് (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതിൽ 400000/-രൂപ കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 22 /03.08.2023)

| | പദ്ധതി | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ലൈഫ് മിഷൻ പദ്ധതി (എസ്.സി), 86/23 | ഷീല രാജേഷ് | 40000/- |
| | | ജിജ.എം.കെ | 300000/- |

| | | | |
|---|---|---|---|
| | | ജിജി പറത്തേരി | 40000/- |
| | | തങ്ക കുട്ടായി | 200000/- |
| | | നിത വിഷ്ണുപാൽ | 298000/- |
| | | പ്രീത വിശ്വനാഥൻ | 300000/- |
| | | സുമിത ദിനേഷ് | 200000/- |
| | | ശാരദ കുമാരൻ | 300000/- |
| | | ശ്രീകുമാർ.പി.കെ | 40000/- |
| | | രാജീവ്.പി.കെ | 188811/- |
| | | അശോകൻ | 300000/- |
| | | രാജീവ് | 300000/- |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ.കടപ്പുറം (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതിൽ 400000/-രൂപ കൈപ്പറ്റേണ്ട ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 23 /03.08.2023

| | പദ്ധതി | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ലൈഫ് മിഷൻ പദ്ധതി(ജനറൽ),92/23 | നെബീസു | 298000/- |
| | | റഫീക്ക് | 300000/- |
| | | ഇന്ദിര | 300000/- |
| | | ഗിരിജ | 40000/- |
| | | അശോകൻ | 40000/- |
| | | ഉമൈവ | 200000/- |
| | | സുലൈഖ | 300000/- |
| | | ബുഷറ | 300000/- |
| | | ഗീത സുധീർ | 300000/- |
| | | അബ്ദുൾ മജീദ് | 300000/- |
| | | ഹൈറുന്നീസ | 200000/- |
| | | ഷാജി ഷംസു | 66884 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 സാഹിത്യ സൃഷ്ടികളുടെ പ്രസിദ്ധീകരണം-40000/-തുക തടസ്സപ്പെടുത്തുന്നു.

പ്രധാന അദ്ധ്യാപകൻ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലെ അപാകതകൾ അവയ്ക്ക് നേരേ കാണിച്ചിരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.24 /03.08.2023

| ക്രമ | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | | | | |
| 1 | സാഹിത്യ സൃഷ്ടികളുടെ പ്രസിദ്ധീകരണം,218/23 | 42201137/28.03.2023 | 40000/- | "തീരദേശം" എന്ന കവിതാ സമാഹരണം പ്രിന്റ് ചെയ്തതിന് (850 എണ്ണം) ESSGEE OFFSETT Printers എന്ന സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നു. (ഇൻവോയ്സ് നം.1614/28.03.2023).കവിതാ സമാഹരണം തയ്യാറാക്കുന്നതിന് സൃഷ്ടികൾ തെരഞ്ഞെടുത്തത് എങ്ങനെയെന്നുള്ള വിവരങ്ങൾ,പ്രിന്റ് ചെയ്ത് ലഭ്യമായ കവിതാ സമാഹരണം സ്റ്റോക്കിൽ എടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും വിവരങ്ങൾ ലഭ്യമല്ല.ക്യാഷ് ബുക്ക് എഴുതതി സൂക്ഷിച്ചിട്ടില്ല. |

പട്ടികയിൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതുവരെ 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രധാന അദ്ധ്യാപകൻ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ ഭാഗമായി എസ്.എസ്.എ യ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.24 /03.08.2023

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|
| 1 | എസ്.എസ്.എ .വിഹിതം നൽകൽ,148/23 | 42201186/12.09.2022 | 1200000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

## 1-29 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ:വിതരണം ചെയ്യാതെ വെച്ചിരിക്കുന്നു, 174000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രധാന അദ്ധ്യപകൻ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയിൽ വാങ്ങിയ ഇനങ്ങൾ വിതരണം ചെയ്യാതെ വെച്ചിരിക്കുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ചെലവ് തുക 174000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.24 /03.08.2023

| പദ്ധതി നം./പേര് | വൗച്ചർ.നം. | ഇൻവോയ്സ് നമ്പർ/തിയതി | തുക | വാങ്ങിയ ഇനങ്ങളുടെ എണ്ണം | അപാകത |
|---|---|---|---|---|---|
| രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് | 42201163/ 29.03.2023 | 16/13.03.23 | 66874 | 29 (ഫുട്ബോൾ | Decathlon, Aluva എന്ന |

| | | | | | |
|---|---|---|---|---|---|
| | | | | ഗോൾപോസ്റ്റ് നെറ്റ്) | സ്ഥാപനത്തിൽ നിന്നും വിവിധ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ വിവിധ ഇനങ്ങളായ കാരം ബോർഡ്, വോളിബോൾ, വോളിബോൾ നെറ്റ്, ഫുട്ബോൾ, ഫുട്ബോൾ ഗോൾ പോസ്റ്റ് നെറ്റ് എന്നീ ഇനങ്ങളിൽ ഒരോന്നു വീതം വിതരണം ചെയ്യാതെ വെച്ചിരിക്കുന്നു. |
| സ്പോർട്സ് കിറ്റ് നൽകൽ,151/23 | | 17/13.03.23 | 18386 | 29 (വോളിബോൾ) | |
| | | 19/13.03.23 | 32332 | 29 (ഫുട്ബോൾ) | |
| | | 20/13.03.23 | 37410 | 29 (ബോളിബോൾ നെറ്റ്) | |
| | | 26/23.03.23 | 18998 | 29 (കാരം ബോർഡ്) | |
| | | | | | |
| ആകെ | | | 174000/- | | |

## 1-30 ബാലസഭ:അധിക തുക നൽകിയത് തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ബാലസഭ എന്ന പദ്ധതിയിൽ (നം.182/23) വൗച്ചർ നം.42200945/30.12.2022 പ്രകാരം 30000/- രൂപ കുടുംബശ്രീയുടെ എസ്.ബി.ഐ യുടെ അക്കൗണ്ട് നം. 10564887846 ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് 1000/- രൂപയാണ് പഞ്ചായത്ത് കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്.മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ട തുക വകയിരുത്തേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്. എന്നാൽ 16 വാർഡ് മാത്രമുള്ള കടപ്പുറം പഞ്ചായത്ത് 16000/- രൂപ കൈമാറേണ്ടതിനു പകരം 30000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ തുക കൊണ്ട് ബാലസഭ കുട്ടികളുടെ കഴിവ് വളർത്തുവാൻ സാധിച്ചു എന്നാണ് പറയുന്നത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ അധികം നടത്തിയ 14000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം . 25 /03.08.2023

## 1-31 ഞങ്ങളും കൃഷിയിലേക്ക് കിഴങ്ങ് വർഗ്ഗ കൃഷി വിസ്തൃതി വ്യാപനം-വനിതകൾക്ക്-600000/-തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ –കൃഷിഓഫീസർ
അടങ്കൽ –

| | |
|---|---|
| വികസന ഫണ്ട് (ജനറൽ) – | 550000 |
| ബ്ലോക്ക് വിഹിതം – | 50000 |
| | 6,00,000 |

ചെലവ്:
വൗച്ചർ നം.42201036/28.02.2023-500000/-

വൗച്ചർ നം.42201122/25.03.2023-50000/-

വൗച്ചർ നം.42201138/28.02.2023-50000/-

6,00,000

കൃഷിഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഞങ്ങളും കൃഷിയിലേക്ക് കിഴങ്ങ് വർഗ്ഗ കൃഷി വിസ്തൃതി വ്യാപനം-വനിതകൾക്ക്(സ്ഥിരം കൃഷി)(126/23) എന്ന പദ്ധതി 2000 വനിത കർഷകർക്ക് 250 രൂപ വില വരുന്ന ഇടവിള കിറ്റ് വിതരണം നടത്തി കിഴങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യം വെക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 6.1.9.5 പ്രകാരം 20000/- രൂപയാണ് ഒരു ഹെക്ടറിന് നൽകാവുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ അപേക്ഷകളിൽ ഗുണഭോക്താക്കൾക്ക് എത്ര രൂപ ചെലവായി എന്നും എത്ര രൂപ സബ്സിഡിയ്ക്ക് അർഹതയുണ്ടെന്ന് കൃഷിഓഫീസർ സാക്ഷ്യപ്പെടുത്തിയതിന്റേയും വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല. ഇക്കാരണങ്ങളാൽ ഈ പദ്ധതിയ്ക്ക് വേണ്ടി നടത്തിയ 600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 26 /03.08.2023

1-32 ഞങ്ങളും കൃഷിയിലേക്ക്- പച്ചക്കറി കൃഷി -വനിതകൾക്ക്-തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ –കൃഷിഓഫീസർ

അടങ്കൽ –

വികസന ഫണ്ട് (ജനറൽ) – 1403861

ഗുണഭോക്തൃ വിഹിതം

(പഞ്ചായത്തിൽ അടവാക്കുന്നത്) – 400500

ഗുണഭോക്തൃ വിഹിതം (നേരിട്ട്) – 110000

ബ്ലോക്ക് വിഹിതം – 55000

ആകെ – 1969361

ചെലവ് :

വൗച്ചർ നമ്പർ – 42200987/02.02.23 – 299250

വൗച്ചർ നമ്പർ – 42200988/02.02.23 – 30000

വൗച്ചർ നമ്പർ – 42200990/02.02.23 – 45000

വൗച്ചർ നമ്പർ – 42200720/20.02.23 – 99750

വൗച്ചർ നമ്പർ – 42201034/28.02.23 – 30000

വൗച്ചർ നമ്പർ – 42201142/08.03.23 – 55000

വൗച്ചർ നമ്പർ – 42201095/17.03.23 – 42361

വൗച്ചർ നമ്പർ – 42201096/18.03.23 – 299250

വൗച്ചർ നമ്പർ –42200807/24.03.23-99750

വൗച്ചർ നമ്പർ –42201129/27.03.23-55000

വൗച്ചർ നമ്പർ –42201141/28.03.23 – 603000

വൗച്ചർ നമ്പർ –42200825/30.03.23 – 201000

1859361

കൃഷിഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഞങ്ങളും കൃഷിയിലേക്ക്- പച്ചക്കറി കൃഷി -വനിതകൾക്ക് (സ്ഥിരം കൃഷി)(140/23) എന്ന പദ്ധതിയിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ അപേക്ഷകളിൽ ഗുണഭോക്താക്കൾക്ക് എത്ര രൂപ ചെലവായി എന്നും എത്ര രൂപ സബ്സിഡിയ്ക്ക് അർഹതയുണ്ടെന്ന് കൃഷിഓഫീസർ സാക്ഷ്യപ്പെടുത്തിയതിന്റേയും വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ)നം.115/2022 /തസ്വഭവ/28.05.2022 ഖണ്ഡിക 6.1.9.3 പ്രകാരം 22000/- രൂപയാണ് ഒരു ഹെക്ടറിന് നൽകാവുന്നത്. ഇക്കാരണങ്ങളാൽ ഈ പദ്ധതിയ്ക്ക് ചെയ്ത 1859361/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 26 /03.08.2023

1-33 ഇരട്ടപ്പുഴ ഗവ.എൽ.പി സ്കൂളിന് സ്ഥലം വാങ്ങൽ അപാകതകൾ

വൗച്ചർ നം.22201186/31.03.23

തുക-1027920 രൂപ

